# പ്രകൃതിസൗഹൃദ കൃഷിയുടെ 4 ചക്രങ്ങൾ

- **ബീജാമൃതം**
- **ജീവാമൃതം**
- **ജൈവപുത**
- **മണ്ണിൽ വായുവിന്റെയും ഈർപ്പത്തിന്റെയും സംതുലിതാവസ്ഥ**

വിത്ത് കരുത്തോടെ മുളയ്ക്കുവാനുള്ളതാണ് ബീജാമൃതം. മണ്ണിൽ സൂക്ഷ്മജീവികളുടെ സാന്നിദ്ധ്യം ഉറപ്പാക്കുന്നു ജീവാമൃതം. അതായത് മണ്ണിന്റെ ജീവൻ നിലനിർത്തുകയും മണ്ണിരകളുടെയും സൂക്ഷ്മജീവികളുടെയും പ്രവർത്തനത്തിലൂടെ പോഷക മൂലകങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ജൈവപുത സസ്യങ്ങൾക്കും സൂക്ഷ്മജീവികൾക്കും അനുകൂലമായ സൂക്ഷ്മാന്തരീക്ഷം ഒരുക്കുന്നു. മണ്ണിൽ വായുവിന്റെയും ഈർപ്പത്തിന്റെയും സംതുലിതാവസ്ഥ ജീവജലവും ജീവവായുവും തമ്മിലുള്ള സംതുലിതാവസ്ഥ മണ്ണിൽ ഉറപ്പാക്കുന്നു. ഈ 4 ചക്രങ്ങളും കൃത്യമായാൽ മണ്ണ് ഉത്പാദനക്ഷമമായിരിക്കും.

## **ബീജാമൃതം** (ചേരുവകൾ)

1. നാടൻ പശുവിന്റെ പച്ചചാണകം. 5 കി.ഗ്രാം
2. നാടൻ പശുവിന്റെ മൂത്രം – 5 ലിറ്റർ
3. ചുണ്ണാമ്പ്; 50 ഗ്രാം
4. വരമ്പിനടുത്തുള്ള മണ്ണ് : 1 പിടി
5. വെള്ളം: 20 ലിറ്റർ

ചേരുവകളെല്ലാം ഒന്നൊന്നായിച്ചേർത്ത് ഇളക്കിയശേഷം 12 മണിക്കൂർ ചണച്ചാക്കുകൊണ്ട് മൂടിവയ്ക്കുക. വിത്തുകൾ ബീജാമൃതത്തിൽ മുക്കി തണലത്തുണക്കണം. നടാനുള്ള തൈകളും കമ്പുകളും ബീജാമൃതത്തിൽ മുക്കി നടുക.

ഗുണം: വിത്ത് വേഗം മുളയ്ക്കുന്നു. ചെടികരുത്തോടെ വളരുന്നു. വിത്തിനെ ആക്രമിക്കുന്ന ശത്രു സൂക്ഷ്മജീവികളെ ചെറുക്കുവാനും നശിപ്പിക്കുവാനും ബീജാമൃതത്തിലുള്ള സൂക്ഷ്മജീവികൾക്ക് കഴിയും.

ചാണകം: നാടൻ പശുവിന്റെ ഉപയോഗിക്കണം. പഴക്കം ചെന്ന ഗോമൂത്രവും പുതിയ ചാണകവുമാണ് കൂടുതൽ ഫലപ്രദം.

## **ജീവാമൃതം** (ചേരുവകൾ)

1. നാടൻ പശുവിന്റെ പച്ചചാണകം: 10 കി.ഗ്രാം
2. നാടൻ പശുവിന്റെ മൂത്രം: 5 ലിറ്റർ
3. ശർക്കര പൊടിച്ചത് : 2 കി.ഗ്രാം
5. പയർ പൊടി/പേസ്റ്റ്: 2 കി.ഗ്രാം (പയർ കുതിർത്ത് അരച്ചത്)
5. കൃഷിയിടത്തിലെ വരമ്പിനരികിൽ നിന്നെടുത്ത മണ്ണ്: ഒരു പിടി
6. വെള്ളം ക്ലോറിൻ ഇല്ലാത്തത്: 200 ലിറ്റർ

ശർക്കരയ്ക്കുപകരം 2 കി.ഗ്രാം നല്ലപോലെ പഴുത്ത പഴം – വാഴപ്പഴം മാമ്പഴം, പൈനാപ്പിൾ, പപ്പായ തുടങ്ങിയ അല്ലെങ്കിൽ 4 ലിറ്റർ കരിമ്പിൻ നീര് (ഏതെങ്കിലും ഒന്നുമതി)

പയർ – ചെറുപയർ, വൻപയർ, ഉഴുന്ന്, തുവര, മുതിര (ഇവയിൽ ഏതെങ്കിലും)

200 ലിറ്ററിനുമുകളിൽ ശേഷിയുള്ള ബാരലിൽ ചേരുവകളെല്ലാം ഒന്നിച്ചു ചേർത്ത് മരക്കഷണം കൊണ്ട് ഘടികാരദിശയിൽ ദിവസം മൂന്ന് നേരം ഇളക്കുക. ബാരൽ തണലത്തു വച്ച് ചണച്ചാക്കുകൊണ്ട് മൂടണം. 48 മണിക്കൂർ (2 ദിവസം) കഴിഞ്ഞ് ഉപയോഗിക്കാം. 5 ദിവസം കൊണ്ട് ഉപയോഗിച്ചു തീർക്കുക.

**ഘനജീവാമൃതം** (ചേരുവകൾ)

1. നാടൻ പശുവിന്റെ പച്ചചാണകം - 100 കി.ഗ്രാം
2. നാടൻ ശർക്കര (കറുത്തത്) - 2 കി.ഗ്രാം
3. പയർ മാവ് (പേസ്റ്റ്) - 2 കി.ഗ്രാം
4. കൃഷിസ്ഥലത്തിലെ വരമ്പിനടുത്തുള്ള മണ്ണ് - ഒരുപിടി

ഇവയെല്ലാം കൂട്ടികലർത്തി നാടൻ പശുവിന്റെ മൂത്രം ചേർത്ത് ഉരുളയാക്കുക. (ഉണ്ടകൾ) ഇവ തണലത്തുണക്കി വയ്ക്കുക. 6 മാസം വരെ ഉപയോഗിക്കാം.

ഘനജീവാമൃതത്തിൽ സൂക്ഷ്മജീവികൾ സുഷ്പ്തിയിൽ സ്ഥിതിചെയ്യുന്നു. ഈർപ്പമുള്ള സ്ഥലത്ത് വിതറുമ്പോൾ ഇവ ഉണർന്ന് പ്രവർത്തിച്ചു തുടങ്ങും. ഉണങ്ങിയ ചാണകം ഏക്കറിന് 100 കി.ഗ്രാം എന്ന കണക്കിന് ഉപയോഗിക്കുമ്പോൾ അതിൽ 10 കി.ഗ്രാം പൊടിച്ച ഘനജീവാമൃതം കൂട്ടിച്ചേർക്കുക.

## പുതയിടൽ

കൃഷി മണ്ണിനെ മൂടി സംരക്ഷിക്കുന്നതാണ് പുത.

25-32$^0$ സെൽഷ്യസ് അന്തരീക്ഷോഷ്മാവും 65%-72% ആപേക്ഷിക ആർദ്രതയും (അന്തരീക്ഷത്തിലെ ഈർപ്പനില) 3700-5400 ഫുട് കാൻഡിൽ സൂര്യപ്രകാശവും ഉണ്ടെങ്കിൽ ദ്വിപത്രികാർഷികവിളകളിൽ നിന്ന് (മാവ്, പുളിയില, പപ്പായ തുടങ്ങിയവ) കനത്ത ഉത്പാദനം ലഭിക്കും.

ഏകപത്രവിളകളാണെങ്കിൽ (നെല്ല്, കരിമ്പ്, തെങ്ങ് തുടങ്ങിയവ) സൂര്യപ്രകാശം 7000-10,000 ഫുട് കാൻഡിൽ വേണം. സുഗന്ധവ്യഞ്ജനങ്ങൾക്ക് (കുരുമുളക് തുടങ്ങിയവ) 1800-2700 ഫുട് കാൻഡിൽ മതി. മണ്ണിനുള്ളിൽ നല്ല വായുസഞ്ചാരം വേണം. വെള്ളം കെട്ടിനിൽക്കരുത്. മണ്ണിൽ ഇരുട്ടുവേണം. അരണ്ട വെളിച്ചം ആകാം.

മണ്ണിലുള്ള മണ്ണിരകളെയും സൂക്ഷ്മജീവികളെയും അമിതചൂടിൽ നിന്നും ശക്തമായ കാറ്റിൽ നിന്നും സംരക്ഷിക്കണം. ഇതിനെല്ലാം പരിഹാരം ജൈവപുത തന്നെ.

പുതവസ്തു ഉണങ്ങിയതോ പച്ചയോ ആകാം.

പുതയോടൊപ്പം ജീവാമൃതം കൂടി ഒഴിച്ചാൽ വിളകൾ കരുത്തോടെ വളരും. അതോടൊപ്പം നല്ല വിളവും ലഭിക്കും.

രാസവസ്തുക്കൾ കൊണ്ട് പുതയിടരുത്. പ്ലാസ്റ്റിക്, കോൺക്രീറ്റ് അവശിഷ്ടങ്ങൾ കൃഷിഭൂമിയിൽ നിന്നു മാറ്റുക.

കരിയില കത്തിക്കരുത്. പുതയിടാൻ ഉപയോഗിക്കുക.

കൃഷിഭൂമിയിൽ തീ ഇടരുത്.

ജൈവപുതയിടുകയും ജീവാമൃതം ഒഴിക്കുകയും ചെയ്യുന്നതോടെ മണ്ണിരകളും സൂക്ഷ്മജീവികളും അവയുടെ കർമ്മം തുടങ്ങും.

പുതവസ്തുക്കളുടെ വിഘടനം (അഴുകൽ) സൂക്ഷ്മജീവികളുടെ കർമ്മമാണ്.

ജൈവവസ്തുക്കൾ അഴുകുന്നതോടെ അതിലുള്ള സസ്യപോഷക മൂലകങ്ങൾ മണ്ണിൽ നിക്ഷേപിക്കുന്നു. ഇവ സസ്യങ്ങൾക്ക് ആഗിരണയോഗ്യമാണ്. പുതമണ്ണിനെ സംരക്ഷിക്കുകയും ചെയ്യുന്നു.

പുതയുടെ തോത് പൂജ്യത്തിൽ നിന്ന് 5% വർദ്ധിച്ചപ്പോൾ സൂക്ഷ്മജീവികളുടെ സാന്ദ്രത (ഒരു ഗ്രാം മണ്ണിലെ എണ്ണം) 16,77,000 ത്തിൽ നിന്ന് 9,46,23,000 ആയി വർദ്ധിച്ചതായി പാലേക്കർ കണ്ടെത്തി. 5542% വർദ്ധന.

സൂക്ഷ്മജീവികളുടെ പെരുകലിന് ഏറ്റവും പ്രയോജനകരം 22 സെ.മീ. ഘനത്തിൽ (9 ഇഞ്ച്) പുതയിടുന്നതാണ്. പുതകൂടിയാൽ മണ്ണിൽ വായുസഞ്ചാരവും സൂര്യപ്രകാശ ലബ്ധിയും കുറയും.

പുതയിടുന്നതോടെ കളകളെ നിയന്ത്രിക്കാം. കളസസ്യങ്ങൾ വളരണമെങ്കിൽ സൂര്യപ്രകാശം വേണം. പുത കാരണം ഇവയ്ക്ക് സൂര്യപ്രകാശം ലഭ്യമല്ലാത്തതിനാൽ കളസസ്യങ്ങൾ നശിക്കും.

ബാഷ്പീകരണം മൂലമുള്ള ജലനഷ്ടം 90% കണ്ട് കുറയ്ക്കാം.

മഴയത്ത് വെള്ളം പുതയിലൂടെ വളരെ സാവധാനത്തിൽ മണ്ണിലേക്ക് അരിച്ചിറങ്ങും. ഇത് മണ്ണിൽ സംഭരിക്കുന്നു. പുത മണ്ണൊലിപ്പ് തടയുന്നു.

**ക്ലേദം അഥവാ ഹ്യൂമസ്**

ജൈവപുത സൂക്ഷ്മജീവികളുടെ പ്രവർത്തനം കൊണ്ടാണ് അഴുകുന്നത്. ഒടുവിൽ ക്ലേദം എന്ന സൂക്ഷ്മ കണികകൾ ഉണ്ടാക്കുന്നു.

മണ്ണിലെ ജൈവിക ഭൗതിക രാസിക പ്രവർത്തനങ്ങളുടെ ആസ്ഥാനമാണ് ക്ലേദം. ഫലപുഷ്ടി യുടെ പ്രധാന സൂചകം.

ക്ലേദം മണ്ണിന്റെ ഘടനയും രചനയും നന്നാക്കുന്നു.

മണ്ണിൽ ജലവും പോഷകമൂലകങ്ങളും പിടിച്ചുനിർത്തുവാനും ഊർന്ന് നഷ്ടപ്പെടാതിരിക്കാനും ക്ലേദം സഹായിക്കുന്നു.

വിഘടിക്കാൻ കൂടുതൽ സമയമെടുക്കുന്ന ലിഗ്നിൻ എന്ന പദാർത്ഥത്തിന്റെയും മാംസ്യത്തിന്റെയും (പാക്യജനകം) സംയുക്തമാണ് ക്ലേദം. ക്ലേദത്തിന്റെ കാർബൺ: നൈട്രജൻ അനുപാതം 10:1.

പുതുവസ്തുവിൽ പയർ വർഗ്ഗത്തിൽപ്പെട്ട ചെടികൾ ഉണ്ടെങ്കിൽ വിഘടനപ്രക്രിയ വേഗത്തി ലാണ് സംഭവിക്കുക. കൂടുതൽ പാക്യജനകം മണ്ണിൽ നിക്ഷേപിക്കപ്പെടുന്നതിന് ഇത് കാരണമാകുന്നു.

ജൈവപുത അഴുകുമ്പോൾ ആദ്യം വിഘടനത്തിനു വിധേയമാകുന്നത് മാംസ്യാംശമാണ്. മാംസ്യം വിഘടിക്കുമ്പോൾ അമിനോഅമ്ലങ്ങളും തുടർന്ന് അമോണിയയും ഒടുവിൽ നൈട്രേറ്റും ഉണ്ടാകുന്നു (പാക്യജതകം).

ഏകപത്ര വിളകൾക്കുള്ള പുതയിടൽ: 2/3 ഭാഗം പയർവർഗ്ഗസസ്യങ്ങൾ + 1/3 ഭാഗം ഏകപത്രസസ്യ ങ്ങൾ (വയ്ക്കോൽ).

ദ്വിപത്രവിളകൾക്കുള്ളവ: 1/3 ഭാഗം പയർവർഗ്ഗം + 2/3 ഭാഗം ഏകപത്രസസ്യവയ്ക്കോൽ.

കൃഷിയിടങ്ങളിൽ രണ്ടുവിഭാഗത്തിലുംപെട്ട വിളകൾ മിശ്രിതവിളകളായി കൃഷിചെയ്താൽ അവ യുടെ സാമ്പത്തിക പ്രാധാന്യം കുറഞ്ഞ ഭാഗങ്ങൾ ചുരുങ്ങിയ ചെലവിൽ പുതയിടാനുപയോഗിക്കാം.

പുത അമിതമായ കാലാവസ്ഥാ വ്യതിയാനങ്ങളിൽനിന്ന് മണ്ണിനെയും അതിലെ ജീവികളെയും സംരക്ഷിക്കും. വേനൽകാലത്തും തണുപ്പുകാലത്തും സൂക്ഷ്മജീവികളുടെ പ്രവർത്തനം മന്ദീഭവിക്കും. പുതയുള്ള കൃഷിസ്ഥലങ്ങളിൽ ഇതു സംഭവിക്കില്ല. സൂക്ഷ്മജീവികളുടെ പ്രവർത്തനശേഷി നിലനിൽക്കും.

ജൈവപുതയിട്ട് കൃഷിചെയ്യുന്ന വിളകളുടെ ഉത്പന്നങ്ങൾക്ക് ഉന്നത നിലവാരമുണ്ട്. സ്വാദ്, മണം കീടപ്രതിരോധശേഷി, സൂക്ഷിപ്പു ഗുണം എന്നിവ വളരെ കൂടുതലാണ്.

**സസ്യപോഷണവും വിളവും**

5 ടൺ ജൈവവസ്തു (ഏകപത്ര – ദ്വിപത്രമിശ്രിതം) പുതയായി വിരിച്ചാൽ അതിൽ നിന്നും ലഭി ക്കുന്നത്:

| | |
|---|---|
| കാർബൺ | 220 kg |
| ഓക്സിജൻ | 2000 kg |
| ഹൈഡ്രജൻ | 400 kg |
| നൈട്രജൻ | 100 kg |
| ഫോസ്ഫറസ് | 35 kg |
| പൊട്ടാഷ് | 50kg |
| കാത്സ്യം | 28 kg |
| മഗ്നീഷ്യം | 39 kg |
| സൂക്ഷ്മ മൂലകങ്ങൾ | 148 kg |

(സൂക്ഷ്മ ജീവികളും മണ്ണിരകളും മറ്റും നശിക്കുമ്പോൾ ലഭ്യമാകുന്ന പോഷക മൂലകങ്ങൽ കൂടാതെ യുള്ള കണക്കാണിത്)

**തണൽ തീരെ സഹിക്കാനാവാത്തവ (സൂര്യപ്രകാശം വേണ്ടവ)**

നെല്ല്, ചോളം, മക്കച്ചോളം, വെണ്ട, അമര, നിലക്കടല

**തണൽ സഹിക്കാനാവാത്തവ**

കൂർക്ക, വഴുതന, കാച്ചിൽ, തക്കാളി, മുളക്, നേന്ത്രവാഴ

**തണൽ സഹിക്കുന്നവ (50% സൂര്യപ്രകാശം)**

ചേമ്പ്, ചെറുചേമ്പ്, ചേന, ഞാലിപൂവൻ, പാളയംകോടൻ, പടറ്റി, നാരകം, മുന്തിരി

**തണൽ ഇഷ്ടപ്പെടുന്നവ (ഭാഗിക സൂര്യപ്രകാശം)**

കുരുമുളക്, ജാതി, ഗ്രാമ്പു, ഇഞ്ചി, മഞ്ഞൾ, ശീമച്ചേമ്പ്, കച്ചോലം, ഉരുളക്കിഴങ്ങ്

# കീടനിയന്ത്രണം

## നീമാസ്ത്രം (വേപ്പില മിസൈൽ)

(നിരൂറ്റി കുടിക്കുന്ന പ്രാണികൾ, ഇലപ്പേനുകൾ ഇവയെ നിയന്ത്രിക്കാൻ)

**ചേരുവകൾ**

| | |
|---|---|
| 1. നാടൻ പശുവിന്റെ മൂത്രം | - 5 ലിറ്റർ |
| 2. നാടൻ പശുവിന്റെ പച്ചചാണകം | - 2 കിലോ |
| 3. വേപ്പില അരച്ചത് | - 5 കിലോ |
| 4. ജലം | - 100 ലിറ്റർ |

ഗോമൂത്രം വെള്ളത്തിൽ ചേർത്തിളക്കുക. ഇതിലേക്ക് പച്ചചാണകം ചേർത്തിളക്കണം. ശേഷം വേപ്പില അരച്ചുചേർത്ത് നന്നായി ഇളക്കണം. 24 മണിക്കൂർ കഴിഞ്ഞ് ഉപയോഗിക്കാം. ദിവസവും രണ്ടു നേരം നന്നായി ഇളക്കണം. തുണിയിലരിച്ച് ഉപയോഗിക്കാം.

## ബ്രഹ്മാസ്ത്രം

(കായതുരപ്പൻ, നീരൂറ്റികുടിക്കുന്ന പ്രാണികൾ, പഴം തുരക്കുന്ന പ്രാണികൾ ഇവയ്ക്കെതിരെ ഉപയോഗിക്കാം.)

**ചേരുവകൾ**

| | |
|---|---|
| 1. നാടൻ പശുവിന്റെ മൂത്രം | - 10 ലിറ്റർ |
| 2. ആര്യ വേപ്പില അരച്ച് കുഴമ്പാക്കിയത് | - 3 കി.ഗ്രാം |
| 3. ആത്തയില അരച്ചു കുഴമ്പാക്കിയത് | - 2 കി.ഗ്രാം |
| 4. പപ്പായയില അരച്ചു കുഴമ്പാക്കിയത് | - 2 കി.ഗ്രാം |
| 5. മാതളയില അരച്ചു കുഴമ്പാക്കിയത് | - 2 കി.ഗ്രാം |
| 6. പേരയില അരച്ചു കുഴമ്പാക്കിയത് | - 2 കി.ഗ്രാം |

മൺപാത്രത്തിൽ ഗോമൂത്രമെടുത്ത് ചേരുവകൾ ചേർക്കുക. 5 പ്രാവശ്യം തിളപ്പിക്കുക. 24 മണിക്കൂർ തണുപ്പിച്ച് തുണിയിലരിച്ചെടുക്കുക. 2 ലിറ്റർ ബ്രഹ്മാസ്ത്രം 100 ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിക്കണം. 6 മാസം വരെ ഉപയോഗിക്കാം.

## അഗ്നി ആസ്ത്രി (അഗ്നി മിസൈൽ)

(ഇല ചുരുട്ടിപ്പുഴു, തണ്ടുതുരപ്പൻ പുഴു, കായതുരപ്പൻ പുഴു എന്നിവയ്ക്ക്)

**ചേരുവകൾ**

| | |
|---|---|
| 1. നാടൻ പശുവിന്റെ മൂത്രം | - 10 ലിറ്റർ |
| 2. പുകയില ചതച്ചത് | -1 കി.ഗ്രാം |
| 3. കാന്താരി മുളക് | - 500 ഗ്രാം |
| 4. വെളുത്തുള്ളി അരച്ചത് | - 500 ഗ്രാം |
| 5. ആര്യവേപ്പില അരച്ചത് | - 5 കി.ഗ്രാം |

മൺപാത്രത്തിൽ ഗോമൂത്രമെടുത്ത് അതിലേക്ക് ചതച്ച പുകയില ചേർക്കുക. മറ്റുള്ളവ ഓരോന്നായി ക്രമാനുസരണം ചേർക്കുക. 5 തവണ തിളപ്പിക്കുക. 24 മണിക്കൂർ തണുപ്പിക്കണം. അരിച്ചെടുത്ത് ഉപയോഗിക്കണം. (3 ലിറ്റർ അഗ്നി ആസ്ത്രിക്ക് 100 ലിറ്റർ ജലം)

## രോഗനിയന്ത്രണത്തിന് കുമിൾ നാശിനി

**രോഗം - ഇലപ്പുള്ളികുത്ത്**

1. മൂന്ന് ലിറ്റർ പുളിച്ച മോര് 100 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.
2. മൺപാത്രത്തിൽ 200 ഗ്രാം പച്ച ഇഞ്ചി അരച്ച് 2 ലിറ്റർ വെള്ളത്തിൽ കലർത്തി തിളപ്പിക്കുക. തണുപ്പിക്കുക. വേറൊരു മൺപാത്രത്തിൽ 5 ലിറ്റർ പാലെടുത്ത് തിളപ്പിക്കുക. തണുക്കാൻ അനുവദിക്കുക. ഉപരിതലത്തിൽ അടിയുന്ന വെണ്ണ നീക്കുക. 200 ലിറ്റർ കൊള്ളുന്ന പാത്രത്തിൽ ഈ പാൽ ഒഴിച്ച് നേരത്തേ തയ്യാറാക്കി വച്ചിരുന്ന ഇഞ്ചി ലായനി ചേർത്തിളക്കുക. അരിച്ചെടുത്ത് ഇലകളിൽ തളിക്കുക.

**ഡൗണ്ടി മിൽഡ്യൂ രോഗം**

1. പപ്പായില - 2 കി.ഗ്രാം
2. മുരിങ്ങയില - 2 കി.ഗ്രാം
3. നാടൻ പശുമൂത്രം - 4 ലിറ്റർ

ഇലകൾ അരച്ച് ഗോമൂത്രത്തിൽ കലർത്തി 12 മണിക്കൂർ കഴിഞ്ഞ് അരിച്ചെടുത്ത് 200 ലിറ്റർ വെള്ളത്തിൽ കലർത്തി ഉപയോഗിക്കുക.

**വൃക്ഷങ്ങളുടെ തൊലി സംരക്ഷണം**

1. വേപ്പില - 5 കി.ഗ്രാം
2. നാടൻ പശുവിന്റെ ചാണകം - 20 കി.ഗ്രാം
3. നാടൻ പശുവിന്റെ മൂത്രം - 20 ലിറ്റർ
4. വെള്ളം - 50 ലിറ്റർ

ഒരു പാത്രത്തിൽ വെള്ളമെടുത്ത് അതിലേക്ക് ആര്യവേപ്പില അരച്ചുചേർക്കുക. ചാണകവും, ഗോമൂത്രവും ചേർത്ത് നന്നായി ഇളക്കിയശേഷം 48 മണിക്കൂർ കഴിഞ്ഞ് ഒന്നുകൂടി ഇളക്കുക. തുടർന്ന് മരങ്ങളിൽ പൂശുക.

**കെണി വിളകൾ** (കീടനിയന്ത്രണത്തിന്)

ഇത്തരം സസ്യങ്ങളെ വരമ്പുകളിലോ വേലിക്കരുകിലോ വളർത്തി കീടനിയന്ത്രണം നടത്താം.

1. ബന്ദി (മേരി ഗോൾഡ്) (ഇലപ്പേൻ, നിമാവിരകൾ)
2. തുവര (എതിർപ്രാണികളെ ആകർഷിക്കും)
3. കടുക് (പച്ചക്കറികൾ, പഴവർഗ്ഗചെടികൾ എന്നിവയെ ആക്രമിക്കുന്ന ഏഫിഡുകളെ നിയന്ത്രിക്കുവാൻ ഉപകരിക്കുന്നു.
4. മക്കചോളം - എതിർ പ്രാണികളെ ആകർഷിച്ച് നിർത്തുന്നു.

**(1) മണ്ണെണ്ണ എമൽഷൻ** - നീരൂറ്റിക്കുടിക്കുന്ന കീടങ്ങളെ അകറ്റാൻ

വേണ്ട സാധനങ്ങൾ

ബാർസോപ്പ് - 50 ഗ്രാം
വെള്ളം - 450 മില്ലി
മണ്ണെണ്ണ - 900 മില്ലി

ബാർസോപ്പ് വെള്ളത്തിൽ ലയിപ്പിച്ച് തിളപ്പിക്കുക. തണുത്തതിനുശേഷം 900 മില്ലി മണ്ണെണ്ണ ഇളക്കി ചേർക്കുക. 20 ലിറ്റർ വെള്ളത്തിൽ ഈ മിശ്രിതം നേർപ്പിച്ചെടുക്കുക.

**(2) കീടചൂർണ്ണം** – പുഴുക്കൾ, മുഞ്ഞ, ഉറുമ്പ്, ഞണ്ട് എന്നിവയെ അകറ്റാൻ

വേണ്ട സാധനങ്ങൾ

| | |
|---|---|
| ചാരം അരിച്ചെടുത്തത് | – 1 കി.ഗ്രാം |
| പൊടിച്ച പരലുപ്പ് | – 100 ഗ്രാം |
| നീറ്റുകക്കാപ്പൊടി | – 200 ഗ്രാം |

എന്നിവ നന്നായി ഇളക്കി കീടങ്ങൾ കാണുന്ന ഭാഗത്ത് ഇലകളിൽ ജലാംശം ഇല്ലാത്തപ്പോൾ വിതറുക.

**(3) സസ്യാമൃത്** – ചാഴി കായീച്ച, വെള്ളീച്ച, മുഞ്ഞ എന്നിവയ്ക്കെതിരെ

വേണ്ട സാധനങ്ങൾ

| | |
|---|---|
| വെള്ളം | – 4 ലിറ്റർ |
| നീറ്റുകക്ക | – 200 ഗ്രാം |
| പാൽക്കായം | – 50 ഗ്രാം |
| ചെന്നിനായകം | – 50 ഗ്രാം |
| പച്ചകർപ്പൂരം | – 50 ഗ്രാം (പൊടിച്ചത്) |
| കാഞ്ഞിരത്തൊലി | – 100 ഗ്രാം |
| വെളുത്തുള്ളി | – 50 ഗ്രാം |
| പച്ചകാന്താരി | – 100 ഗ്രാം |
| ചെറുനാരങ്ങ | – 3 എണ്ണം |
| വേപ്പണ്ണ | – 50 ഗ്രാം |
| ഗോമൂത്രം | – 1 ലിറ്റർ |

വെള്ളത്തിൽ നീറ്റുകക്ക (കുമ്മായപ്പൊടി) ഇട്ട് നന്നായി ഇളക്കുക. 24 മണിക്കൂർ കഴിഞ്ഞ് ഇതിൽ നിന്നും ഒരു ലിറ്റർ തെളിയെടുക്കുക. 50 ഗ്രാം വീതം പാൽക്കായം, ചെന്നിനായകം, പച്ചകർപ്പൂരം, 100 ഗ്രാം കാഞ്ഞിരത്തൊലി എന്നിവ പൊടിച്ചെടുത്ത് 48 മണിക്കൂർ വയ്ക്കുക. ദിവസവും 2 നേരം ഇളക്കണം.

മൂന്നാം നാൾ ചെടികളിൽ തളിക്കുന്നതിനുമുമ്പ് വെളുത്തുള്ളി, പച്ചകാന്താരി എന്നിവ അരച്ചത്, ചെറുനാരങ്ങയുടെ നീര്, വേപ്പെണ്ണ, ഗോമൂത്രം എന്നിവ ചേർക്കണം. ഈ മിശ്രിതത്തിൽ 6 ലിറ്റർ വെള്ളം ചേർത്ത് അരിച്ചെടുക്കുക. പച്ചക്കറികളിൽ തളിക്കുക.

**(4) പാൽക്കായ മിശ്രിതം** – വിളകളിലെ ചാഴിശല്യം തടയാൻ

വേണ്ടസാധനങ്ങൾ

| | |
|---|---|
| പാൽക്കായം | – 50 ഗ്രാം |
| കാന്താരി മുളക് | – 50 ഗ്രാം |
| കാലിമൂത്രം | – 1 ലിറ്റർ |

പാൽക്കായവും കാന്താരി മുളകും അരച്ച് കാലിമൂത്രത്തിൽ ചേർത്ത് അരിച്ചെടുക്കണം. 10 ലിറ്റർ വെള്ളത്തിൽ കലർത്തി തളിക്കുക. പച്ചക്കറി വിളകളിൽ തളിക്കുന്നതിന് 40 ഗ്രാം പാൽക്കായം 10 ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് അതിൽ ഒരു ലിറ്റർ ഗോമൂത്രം ചേർക്കുക. 25 ഗ്രാം കാന്താരി മുളക് അരച്ച് ചേർക്കുക. കൂട്ട് അരിച്ചെടുത്ത് തളിക്കാം.

**(5) ഗോമൂത്ര-കാന്താരി മിശ്രിതം** – മൃദുലശരീരികളായ കീടങ്ങളെ തുരത്താൻ

| | |
|---|---|
| കാന്താരി മുളക് | – ഒരു പിടി |
| ഗോമൂത്രം | – ഒരു ലിറ്റർ |
| ബാർ സോപ്പ് | – 60 ഗ്രാം |

കാന്താരിമുളക് അരച്ച് ഗോമൂത്രത്തിൽ ചേർത്ത് അരിച്ചെടുക്കുക. ബാർസോപ്പ് ലയിപ്പിച്ച് ഇളക്കി 10 ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിക്കാം.

**(6) കിരിയാത്ത് മിശ്രിതം**

വേണ്ടസാധനങ്ങൾ

കിരിയാത്ത് (ഒരു ലിറ്റർ കിട്ടത്തക്കവണ്ണം

| | |
|---|---|
| കിരിയാത്തിന്റെ ഇലയും തണ്ടും ചതച്ചെടുക്കുക | - 1 ലിറ്റർ |
| ബാർസോപ്പ് | - 50 ഗ്രാം |
| വെള്ളം | - 1/2 ലിറ്റർ |
| വെളുത്തുള്ളിച്ചാറ് | - 330 ഗ്രാം വെളുത്തുള്ളി. |

ഒരു ലിറ്റർ കിരിയാത്തിന്റെ ലായനിയിൽ ബാർസോപ്പ് അരലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തയ്യാറാക്കിയ സോപ്പുലായനി ചേർത്ത് വെളുത്തുള്ളിച്ചാറ് ചേർത്തിളക്കുക. ഈ മിശ്രിതം അരിച്ചെടുത്ത് 15 ലിറ്റർ വെള്ളത്തിൽ നേർപ്പിച്ചു തളിക്കാം.

**(7) കുറുന്തോട്ടി മിശ്രിതം**

വേണ്ടസാധനങ്ങൾ

| | |
|---|---|
| കുറുന്തോട്ടി ഇലയും വേരും | - ഒരു ലിറ്റർ ലായനി |
| ബാർസോപ്പ് | - 50 ഗ്രാം |
| വെള്ളം | - 1/2 ലിറ്റർ |
| വെളുത്തുള്ളിച്ചാറ് | - 330 ഗ്രാം വെളുത്തുള്ളി |

ഒരു ലിറ്റർ കുറുന്തോട്ടി നീരിൽ ബാർ സോപ്പ് അരലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തയ്യാറാക്കിയ സോപ്പുലായനി ചേർത്ത് വെളുത്തുള്ളിച്ചാർ ചേർത്ത് ഇളക്കുക. ഇത് അരിച്ചെടുത്ത് 15 ലിറ്റർ വെള്ളത്തിൽ ചേർത്ത് ഉപയോഗിക്കാം.

**(8) നാറ്റപ്പൂച്ചെടിമിശ്രിതം**

വേണ്ടസാധനങ്ങൾ

| | |
|---|---|
| നാറ്റപ്പൂച്ചെടി ഇലകളും തണ്ടുകളും | - 1 ലിറ്റർ നീര് |
| ബാർസോപ്പ് | - 2 കട്ട (60 ഗ്രാം) |
| വെള്ളം | - 1/2 ലിറ്റർ |

നീരിൽ, വെള്ളത്തിൽ ലയിപ്പിച്ചുണ്ടാക്കിയ സോപ്പുലായനി ചേർത്ത് 15 ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിക്കാം.

**(9) പുകയില കഷായം**

വേണ്ടസാധനങ്ങൾ

| | |
|---|---|
| പുകയില | - 1/2 കിലോ |
| വെള്ളം | - 4 1/2 ലിറ്റർ |
| ബാർസോപ്പ് | - 120 ഗ്രാം |

പുകയിലയോ പുകയില ഞെട്ടോ ചെറുതായി അരിഞ്ഞ് 4 1/2 ലിറ്റർ വെള്ളത്തിൽ മുക്കി 24 മണിക്കൂർ വയ്ക്കുക. വെള്ളത്തിൽ മുക്കിയ കഷണങ്ങൾ പിഴിഞ്ഞെടുത്ത് ചണ്ടി മാറ്റുക. ഇതിൽ 120 ഗ്രാം ബാർസോപ്പ് അര ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചുണ്ടാക്കിയ സോപ്പുലായനി ചേർത്ത് ഇളക്കുക. ഈ മിശ്രിതം 6-7 മടങ്ങ് വെള്ളം ചേർത്ത് തളിക്കാം.

**(10) വേപ്പണ്ണ-വെളുത്തുള്ളി മിശ്രിതം**

വേണ്ട സാധനങ്ങൾ

| | |
|---|---|
| വെള്ളം | - ഒരു ലിറ്റർ |
| ബാർസോപ്പ് | - 5 ഗ്രാം |
| വെളുത്തുള്ളി | - 25 ഗ്രാം |
| വേപ്പെണ്ണ | - 25 മില്ലി |

ഒരു ലിറ്റർ വെള്ളത്തിൽ സോപ്പ് ലയിപ്പിക്കുക. വെളുത്തുള്ളി അരച്ചു ചേർക്കുക. 25 മില്ലി വേപ്പെണ്ണ ചേർത്ത് 6 ഇരട്ടി വെള്ളത്തിൽ കലർത്തി പച്ചക്കറികളിൽ തളിക്കാം.

**(11) ആത്തക്കുരു മിശ്രിതം** - ഇലപ്പേനുകൾ, മുഞ്ഞ, ചാഴി, ഇലച്ചാടി, വണ്ട്

വേണ്ടസാധനങ്ങൾ

സീതപ്പഴത്തിന്റെ (ആത്ത)

| | |
|---|---|
| ആട്ടിയെടുത്ത എണ്ണ | - 50–70 മില്ലി |
| വെള്ളം | - 1 ലിറ്റർ |
| ബാർസോപ്പ് | - 200 ഗ്രാം |

എണ്ണ, വെള്ളത്തിൽ ബാർസോപ്പ് ലയിപ്പിച്ച ലായനിയിൽ നന്നായി പതപ്പിച്ചു ചേർക്കുക. ഇത് 6 ഇരട്ടി വെള്ളത്തിൽ നേർപ്പിക്കണം.

ആത്തയുടെ വിത്ത് ചതച്ച് വെള്ളത്തിൽ 24 മണിക്കൂർ കുതിർത്ത് അരിച്ച് തളിക്കാം.

**(12) വേപ്പണ്ണ എമൽഷൻ**

വേണ്ടവ

| | |
|---|---|
| വെള്ളം | - 1/2 ലിറ്റർ |
| ബാർസോപ്പ് | - 60 ഗ്രാം |
| വേപ്പണ്ണ | - 1 ലിറ്റർ |

ബാർസോപ്പ് വെള്ളത്തിൽ ലയിപ്പിക്കുക. വേപ്പണ്ണ ഇതിൽ ചേർത്ത് നന്നായി ഇളക്കുക. 15 ലിറ്റർ വെള്ളം ചേർത്ത് ഉപയോഗിക്കണം.

**(13) വേപ്പിൻകുരു സത്ത്**

വേണ്ടവ

| | |
|---|---|
| വേപ്പിൻ കുരു പൊടിച്ചത് | - 30–50 എണ്ണം |
| വെള്ളം | - ഒരു ലിറ്റർ |

വേപ്പിൻ കുരു കിഴികെട്ടി വെള്ളത്തിൽ 12 മണിക്കൂർ മുക്കിവയ്ക്കുക. പല പ്രാവശ്യം പിഴിഞ്ഞ് ഇതേ വെള്ളത്തിൽ തന്നെ ഒഴിക്കുക.

**(14) വേപ്പണ്ണ വെളുത്തുള്ളി** - തെങ്ങിലുള്ള മണ്ഡരി അകറ്റാൻ

വേണ്ടവ

| | |
|---|---|
| വെള്ളം | - 350 മില്ലി |
| ബാർസോപ്പ് | - 50 ഗ്രാം |
| വേപ്പെണ്ണ | - 200 മില്ലി |
| വെളുത്തുള്ളി | - 200 ഗ്രാം |

അര ലിറ്റർ വെള്ളത്തിൽ 50 ഗ്രാം ബാർസോപ്പ് ലയിപ്പിക്കുക. ഈ ലായനി 200 മില്ലി വേപ്പെണ്ണ ചേർത്ത് പതപ്പിക്കുക. 200 ഗ്രാം വെളുത്തുള്ളി അരച്ച് 300 മില്ലി വെള്ളത്തിൽ കലക്കി അരിച്ചെടുത്ത് വേപ്പെണ്ണ എമൽഷനിൽ ചേർത്ത് ഇളക്കുക. ഈ മിശ്രിതം 9 ലിറ്റർ വെള്ളത്തിൽ ചേർത്ത് ഉപയോഗിക്കാം.

**ആവണക്കെണ്ണ-വേപ്പെണ്ണ എമൽഷൻ** - നീരൂറ്റി കുടിക്കുന്ന കീടങ്ങളെ അകറ്റാൻ

വേണ്ടവ

| | |
|---|---|
| ബാർ സോപ്പ് | - 6 ഗ്രാം |
| വെള്ളം | - 1/2 ലിറ്റർ |
| ആവണക്കെണ്ണ | - 20 മില്ലി |
| വേപ്പെണ്ണ | - 80 മില്ലി |
| വെളുത്തുള്ളി | - 120 ഗ്രാം |

സോപ്പ് വെള്ളത്തിൽ ലയിപ്പിക്കുക. ആവണക്കെണ്ണയും വേപ്പെണ്ണയും ചേർത്തുണ്ടാക്കിയ മിശ്രിതത്തിൽ ഈ ലായനി ഒഴിക്കണം. നന്നായി ഇളക്കുക. 6 ലിറ്റർ വെള്ളത്തിൽ ചേർത്ത് 120 ഗ്രാം വെളുത്തുള്ളി അരച്ച് ചേർക്കുക. അരിച്ചെടുത്ത് ഇലയുടെ അടിവശത്ത് തളിക്കാം.

**(16) കായം-വെളുത്തുള്ളി മിശ്രിതം** - പ്രാണിശല്യം കുറയ്ക്കാൻ

കായവും വെളുത്തുള്ളിയും തുല്യ അളവിൽ എടുത്ത് അരയ്ക്കുക. വെള്ളത്തിൽ കലർത്തി പച്ചക്കറികളിൽ തളിക്കുക.

**(17) കായം ലായനി** - പൂകൊഴിച്ചിൽ തടയാൻ (പാവലം , പടവലം)

വേണ്ടവ

കായം - 25 ഗ്രാം
വെള്ളം - ഒരു ലിറ്റർ

കായം പൊടിച്ച് വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക.

**(18) പഞ്ചഗവ്യം** - കീടങ്ങളെ തടുക്കുന്നു. ചെടിയുടെ വളർച്ച ത്വരിതപ്പെടുത്തുന്നു. വിത്തു സംസ്കരണത്തിനും ഫലപ്രദം.

വേണ്ടവ

ചാണകം - 5 കിലോ
വെള്ളം - 5 ലിറ്റർ
പശുവിൻ പാൽ - 2 ലിറ്റർ
തൈര് - 2 ലിറ്റർ
നെയ്യ് - 1 ലിറ്റർ
കരിമ്പിൻ നീര് - 2 ലിറ്റർ

(കരിമ്പിൻ നീരിനുപകരം തേൻ 500 ഗ്രാം/ ഒരു കിലോ ശർക്കര)

ഇവയെല്ലാം കൂടി ഒരു മൺകലത്തിൽ നല്ലതു പോലെ ഇളക്കി യോജിപ്പിക്കുക. ഒരാഴ്ച തണലിൽ സൂക്ഷിച്ച് പുളിപ്പിക്കുക. ഇതിൽ നിന്ന് 2 കി.ഗ്രാം : 100 ലിറ്റർ വെള്ളം എന്ന കണക്കിൽ കലക്കി വിളകളിൽ തളിക്കുക. 4 ഏക്കർ സ്ഥലത്ത് തളിക്കാൻ ഇതുമതി.

തളിക്കുന്നതിനുമുമ്പ് 20 മിനിട്ടിൽ കുറയാതെ വെള്ളത്തിൽ നല്ലതുപോലെ കലക്കി യോജിപ്പിക്കണം. വിത്തുകൾ 2 മണിക്കൂർ നേരം മുക്കിയെടുത്ത് വിതയ്ക്കുക.

**(19) ഇഞ്ചി-വെള്ളത്തുള്ളി മിശ്രിതം**

വേണ്ടവ

ഇഞ്ചി - 10 ഗ്രാം
വെളുത്തുള്ളി - 10 ഗ്രാം
പച്ചമുളക് - 20 ഗ്രാം
ഗോമൂത്രം - ഒരു ലിറ്റർ
വെള്ളം - ഒരു ലിറ്റർ

വെളുത്തുള്ളി, ഇഞ്ചി, പച്ചമുളക് എന്നിവ അരച്ച് ഗോമൂത്രം വെള്ളം എന്നിവയുടെ മിശ്രിതത്തിൽ കലക്കി 10 ദിവസം വയ്ക്കുക. അരിച്ചെടുത്ത് 500 മില്ലി, 10 ലിറ്റർ വെള്ളത്തിൽ നേർപ്പിച്ച് തളിക്കാം. രാവിലെ 6നും 8.30 നും ഇടയ്ക്കോ വൈകിട്ട് 4 നും 6.30 നും ഇടയ്ക്കോ തളിക്കുന്നതാണ് നല്ലത്.

# കുമിൾ നാശിനികൾ

**ബോർഡോ മിശ്രിതം** (ഒരു ശതമാനം)

തുരിശ് - 100 ഗ്രാം
വെള്ളം - 10 ലിറ്റർ
നീറ്റുകക്ക - 100 ഗ്രാം

തുരിശ് പൊടിച്ച് 5 ലിറ്റർ വെള്ളത്തിൽ ലയിപ്പിക്കുക. നീറ്റുകക്ക ചുണ്ണാമ്പാക്കി 5 ലിറ്റർ വെള്ളത്തിൽ ലയിപ്പിക്കുക. തുരിശു ലായനി ചുണ്ണാമ്പു ലായനിയിൽ ഒഴിച്ച് നല്ലപോലെ ഇളക്കുക.

ഈ മിശ്രിതത്തിൽ തേച്ചുമിനുക്കിയ ഇരുമ്പുകത്തി കുറച്ചുനേരം മുക്കിവയ്ക്കുക. കത്തിയുടെ മുനയിൽ പൊടി അടിയുന്നതു കണ്ടാൽ ഇത് മാറും വരെ കുമ്മായ ലായനി അൽപ്പാൽപ്പമായി ചേർക്കു

ക. ചെമ്പിന്റെ പൊടി ഉണ്ടാകുന്നത് ഇല്ലാതാക്കുക. ഈ ബോർഡോ മിശ്രിതത്തിന് നീലനിറമായിരിക്കും. ഇത് മൺപാത്രത്തിലോ പ്ലാസ്റ്റിക് പാത്രത്തിലോ ഉണ്ടാക്കാവൂ. ഉടൻ തന്നെ ഉപയോഗിക്കണം.

തെങ്ങിലെ കൂമ്പുചീയൽ, തഞ്ചാവൂർ വാട്ടം, ഇലപ്പുള്ളി തുടങ്ങിയവയെ നിയന്ത്രിക്കാം. പയർ, മരച്ചീനി, തക്കാളി, വെണ്ട, വഴുതനങ്ങ എന്നിവയിലെ ഇലപ്പുള്ളി രോഗത്തെയും നിയന്ത്രിക്കാം.

**മഞ്ഞൾപ്പൊടി മിശ്രിതം** - ഇലപ്പുള്ളി രോഗത്തെ അകറ്റാൻ

പാൽക്കായം - 4 ഗ്രാം
സോഡാപ്പൊടി - ഒരു ഗ്രാം
മഞ്ഞൾപ്പൊടി - 4 ഗ്രാം
വെള്ളം - ഒരു ലിറ്റർ

പാൽക്കായം, സോഡാപ്പൊടി, മഞ്ഞൾപൊടി എന്നിവ വെള്ളത്തിൽ ചേർത്ത് ഇളക്കുക. ശേഷം തളിക്കുക.

**ഇലമിശ്രിതം**

ഉങ്ങ്, വേപ്പ് എന്നിവയുടെ സത്ത് 10% വീര്യത്തിൽ തയ്യാറാക്കിയ മിശ്രിതം സോപ്പു ലായനി ചേർത്ത് തളിക്കാം.

**കറ്റാർവാഴ മിശ്രിതം**

| | |
|---|---|
| കറ്റാർവാഴ , ബോഗൻവില്ല, പപ്പായ ഇല | - 5 ഗ്രാം |
| മഞ്ഞൾപ്പൊടി | - 100 ഗ്രാം |
| വെള്ളം | - 25 ലിറ്റർ |

കറ്റാർവാഴ, ബോഗൻവില്ല, പപ്പായഇല എന്നിവ അരിഞ്ഞ് 100 ഗ്രാം മഞ്ഞൾപ്പൊടി ചേർത്ത് 25 ലിറ്റർ വെള്ളത്തിൽ തിളപ്പിച്ച് സത്ത് അരിച്ചെടുക്കുക. ചണ്ടി 25 ലിറ്റർ വെള്ളത്തിൽ വീണ്ടും തിളപ്പിച്ച് അരിച്ചെടുക്കണം. 2 മിശ്രിതവും ചേർത്തു കിട്ടുന്ന ലായനി, ഒരു ലിറ്റർ ഇരട്ടി വെള്ളത്തിൽ ചേർത്ത് തളിക്കാം.

## അറിഞ്ഞിരിക്കേണ്ടവ

- ചീരകൃഷി ചെയ്തതിനുശേഷം വാഴ നട്ടാൽ നല്ല കുലകൾ ലഭിക്കും.
- നേന്ത്രക്കായ് പൊട്ടിക്കീറുന്നതു തടയാൻ വേപ്പെണ്ണ പുരട്ടുക. ജലസേചനത്തോടൊപ്പം വേപ്പെണ്ണ കലർത്തുകയോ ചെയ്യാം.
- മരച്ചീനിക്കിടയിൽ മഞ്ഞൾ നട്ടാൽ എലിശല്യം കുറയും. കപ്പത്തണ്ട് മുറിച്ചാൽ ഉടൻ നടണം. ചെത്തിക്കൊടുവേലി അതിർത്തിയിലോ അങ്ങിങ്ങായോ കൃഷിചെയ്താൽ എലിശല്യം കുറയും. പന്നിയെയും നിയന്ത്രിക്കാം. എലിയോ പന്നിയോ ചെത്തിക്കൊടുവേലി കടിച്ചാൽ വായ് പൊള്ളും.
- മരച്ചീനി നടുമ്പോൾ പ്ലാവില കൊണ്ട് കൊമ്പിന്റെ മുകൾഭാഗം മൂടുക. മുളപൊട്ടിയാൽ മാറ്റാം.
- കപ്പയ്ക്ക് തവിട് നല്ല വളമാണ്. നട്ട് 3 ആഴ്ച കഴിഞ്ഞ് തടമെടുത്തു തവിടിട്ടു മൂടിയാൽ നല്ലത്.
- കശുമാവിന്റെ ഇല ഏക്കറിന് 50 ചാക്കുവീതം ഇട്ടാൽ മണ്ണ് നന്നാകും കീടങ്ങളെ അകറ്റും.
- തെങ്ങിൻ തൈ വയ്ക്കുമ്പോൾ കൂവക്കിഴങ്ങുകൂടി നടുക. വേരുതീനി പുഴുക്കളിൽ നിന്ന് തെങ്ങിന് രക്ഷയാകും. അല്ലെങ്കിൽ ബെന്തി.
- തെങ്ങിനിടയിൽ മരുതുനട്ടാൽ പച്ചിലവളവും മരുതിന്റെ കറ വേരുതീനി പുഴുക്കളെ നശിപ്പിക്കുകയും ചെയ്യും.
- തെങ്ങിൻ തൈ നടുമ്പോൾ 100 ഗ്രാം ഉലുവ ചതച്ച് കുഴിയിൽ ഇട്ടാൽ ചിതൽശല്യം ഒഴിവാക്കാം.
- പാടത്ത് ഓടലിന്റെ ഇല പച്ചിലവളമാക്കി ചേർത്താൽ തണ്ടുതുരപ്പൻ പുഴു കുറയും.
- വയലിലെ വെള്ളം വാർത്തു കളഞ്ഞാൽ കുഴൽപ്പുഴുക്കളെ നിയന്ത്രിക്കാം.
- ചീരവിത്തിൽ ഉറുമ്പുശല്യം കുറയ്ക്കാൻ അരിപ്പൊടി ചേർത്ത് പാകാം, മണലും മഞ്ഞളും (പൊടി) ഇളക്കിച്ചേർത്ത് നടാം. പച്ചമുളക് വിതയ്ക്കുമ്പോൾ അരി പൊടിച്ചിടാം.